"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഹെഡ് ക്ലർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി അച്ചടക്ക നടപടി തീർപ്പാക്കിയത് - എ.ആർ.നഗർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1218/2025/LSGD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 05/04/2022 തീയതിയിലെ PAN/13035/2019-D4-(DP) [Old File No. D4-7377-2017] നമ്പർ ഉത്തരവ്.
2. ശ്രീ. സി. സുഭാഷ് കുമാർ 30/08/2022 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/03/2025 ലെ LSGD/PD/7526/2023-VIGD2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എ.ആർ.നഗർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ 1997- 98 മുതലുള്ള കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയ അസസ്സ്മെന്റ് രജിസ്റ്ററിലെ പേജ് നഷ്ടപ്പെട്ടതിലും, നടപടിക്രമം പാലിക്കാതെ മസ്ജിദ് നൂറിയ പള്ളിയുടെ ഉടമസ്ഥാവകാശം മാറ്റി നൽകിയതുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ അധിക ചുമതലവഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ് കുമാറിനെതിരെ 1960 ലെ KCS (CC & A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം വകുപ്പുതലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. മലപ്പുറം പഞ്ചാത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടുകൾ പരിശോധിച്ചതിലും, ശ്രീ.സി.സുഭാഷ് കമാറിനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും ചട്ടലംഘനം, അച്ചടക്ക ലംഘനം, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ച, അധികാര ദുർവിനിയോഗം എന്നിവ ഉണ്ടായതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 27.04.2018-ലെ E2-42156/18 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 13.04.2010 മുതൽ 31.12.2016വരെയുള്ള അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 1973 ക്രമനമ്പറായ ടിയാനെ ടി ലിസ്റ്റിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തിയും, തുടർന്ന് ഹെഡ്ക്ലാർക്ക് തസ്തികയിൽ നിന്നും പ്രൊമോഷൻ അനുവദിക്കേണ്ട പഞ്ചായത്ത് ഡയറക്ടറുടെ 01.07.2019-ലെ ഇ3-27043/18 നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 3170 ന് തൊട്ട് മുകളിലായി ടിയാന്റെ സീനിയോരിറ്റി ടിയാന്റെ വിരമിക്കൽ തീയതിയായ 31/01/2024 വരെ നിലനിർത്തി ശിക്ഷ നൽകി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. സി. സുഭാഷ് കുമാർ ടി ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം താഴെ പറയും പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ മസ്ജിദ് നൂറിയ പള്ളിയുമായി ബന്ധപ്പെട്ട അസ്സസ്‌മെന്റ് രേഖകൾ നഷ്ടപ്പെടുത്തി എന്ന പരാമർശത്തിന് ടിയാന്റെ വിശദീകരണക്കുറിപ്പിൽ ടിയാന്റെ അറിവിലും വിശ്വാസത്തിലും ഇപ്രകാരം സംഭവിച്ചിട്ടില്ലായെന്നും ടിയാൻ എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന സമയത്തുതന്നെ പ്രസ്തുത അസ്സസ്‌മെന്റ് രജിസ്റ്റർ ജീർണ്ണാവസ്ഥയിൽ ആയിരുന്നുവെങ്കിലും ആയതിൽ നിന്നും ഒന്നും നഷ്ടപ്പെട്ടിട്ടില്ലായെന്നും ഇനി എന്തെങ്കിലും ടിയാൻ ആ ഓഫീസിൽ നിന്നും 28/01/2015 ന് വിടുതൽ ചെയ്തശേഷം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന് ടിയാൻ ഉത്തരവാദിയല്ല എന്നുമാണ് പരാമർശിച്ചിരിക്കുന്നത്.*

*ഇതുമായി ബന്ധപ്പെട്ട ഫയലുകൾ എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് പരിശോധിച്ചതിൽ നിന്നും എട്ടാം വാർഡിന്റെ അസ്സസ്‌മെന്റ് രജിസ്റ്ററിൽ 8/148 എന്ന കെട്ടിടനമ്പർ ഉൾക്കൊള്ളുന്ന പേജിന്റെ പകുതി ഭാഗം കീറി നഷ്ടപ്പെട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞതായും, ആയതിനാൽ 8/148 നമ്പർ കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ടി അസ്സസ്‌മെന്റ് രജിസ്റ്ററിൽ ലഭ്യമല്ലെന്നും, എന്നാൽ ടി അസ്സസ്‌മെന്റ് രജിസ്റ്ററിന്റെ പേജ് 57 ൽ 8/148A, 8/148B എന്നീ കെട്ടിട നമ്പറുകളുടെ വിവരങ്ങൾ ലഭ്യമാണെന്ന് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

*പള്ളിവക സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോഴിക്കോട് വഖഫ് ട്രൈബ്യൂണൽ മുമ്പാകെ OS 44/2012 നമ്പറായി കേസ് നിലനിൽക്കുന്ന സമയത്ത് പ്രസ്തുത ബിൽഡിംഗിന് ഉടമസ്ഥാവകാശം മാറ്റി നൽകി എന്ന പരാമർശത്തിന് ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിലോ റിപ്പോർട്ടിലോ എതിർകക്ഷി തെളിവായി ഹാജരാക്കിയ ഫയലുകളിലോ ടി കേസിന്റെ കാര്യം പ്രതിപാദിച്ചിട്ടില്ലായിരുന്നുവെന്നും പിന്നീട് സിവിൽ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചപ്പോഴാണ് ഇങ്ങനെ കേസ് നിലവിലുള്ളത് എന്ന് ബോധ്യമായത് എന്നും, ഉടമസ്ഥാവകാശം മാറ്റിയത് ടി കേസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ എന്നുമാണ്. ആയതിനാൽ സിവിൽ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരം ഒരു കേസ് ഗ്രാമപഞ്ചായത്ത് കക്ഷിയായി രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ശ്രീ. സുഭാഷ് കുമാർ സി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയിൽ ഇരുന്നപ്പോൾ 8/148A, 8/148B എന്നീ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സെക്രട്ടറി മസ്ജിദുന്നൂർ എന്നത് സെക്രട്ടറി മസ്ജിദുന്നൂരിയ നുസ്രത്തുൽ ഇസ്ലാം സംഘം കൂട്ടശ്ശേരിചിന എന്ന് മാറ്റി 06.03.2014 തീയതിയിൽ ഒപ്പുവെച്ച് കൊണ്ട് 8-ാം വാർഡിന്റെ അസ്സസ്‌മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. തുടർന്ന് 10/3/2015 തീയതിയിലെ ബി 509/14 നമ്പർ കത്ത് പ്രകാരം ഇപ്രകാരം ഉടമസ്ഥാവകാശം മാറ്റിയത് റദ്ദ് ചെയ്തതായി കാണിച്ചുകൊണ്ട് അപേക്ഷകനായ ശ്രീ. അബൂബക്കർ എം.-ന് കത്ത് നൽകിയതായും പിന്നീട് 23/04/2015 തീയതിലെ എ 5-7634/15 നമ്പർ കത്ത് പ്രകാരം മേൽ ഉടമസ്ഥാവകാശം മാറ്റിയത് റദ്ദ് ചെയ്ത നടപടി ക്യാൻസൽ ചെയ്തതായി അറിയിച്ചതായും കാണുന്നുണ്ടെന്നും നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയർ, അസ്സസ്‌മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഈ കെട്ടിടങ്ങൾ (8/148,8/148A, 8/148B) സെക്രട്ടറി, മസ്ജിദുൽ നൂരിയ നുസ്രത്തുൽ ഇസ്ലാം സംഘം കൂട്ടശ്ശേരിചിന എന്ന രേഖപ്പെടുത്തലിൽ ആണുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22, 23 അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പള്ളിയുടെ ഉടമസ്ഥാവകാശം മാറ്റി നൽകി എന്ന പരാമർശത്തിന് ശ്രീ. സുഭാഷ് കുമാർ നൽകിയ മറുപടി, കട്ടശ്ശേരിചിന പള്ളിയുടെ മുത്തവല്ലി സ്ഥാനത്തെക്കുറിച്ചാണ് എ.പി. വിഭാഗവും ഇ.കെ. വിഭാഗവും അവകാശ തർക്കത്തെ തുടർന്ന് OS 44/2012 വഖഫ് ബോർഡ് കേസ് നിലവിലുണ്ടായിരുന്നത് എന്നാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 23 (1) എ (ii). എ (iii) എന്നിവ പാലിച്ച് മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന സംഗതികളിൽ മേൽ ചട്ടങ്ങൾ പ്രകാരം നിലവിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതും ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ ഉടമസ്ഥനാണെന്ന് അവകാശപ്പെടുന്നയാൾ തൃപ്തികരവും നിയമപരവുമായ തെളിവ് ഹാജരാക്കാത്ത പക്ഷം രജിസ്റ്ററിൽ യാതൊരു മാറ്റവും സെക്രട്ടറി വരുത്തുവാൻ പാടില്ലാത്തതുമാകുന്നു. ഇത്തരത്തിലുള്ള രേഖകളൊന്നും പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, ആയതിനാൽ ഉടമസ്ഥാവകാശം മാറ്റിയത് ക്രമപ്രകാരമല്ല എന്നും കാണുന്നു.

സെക്ഷൻ ക്ലർക്കിന്റെയും, സൂപ്പർവൈസറി ഉദ്യോഗസ്ഥന്റെയും റിപ്പോർട്ട് കൂടാതെ സെക്രട്ടറി സ്വന്തം നിലയിൽ ഉടമസ്ഥാവകാശം മാറ്റി നൽകി. നിലവിലുള്ള ഉത്തരവ് പ്രകാരം ഫയൽ റൂട്ടിംഗ് പാലിക്കാതെ ഉടമസ്ഥാവകാശം മാറ്റി നൽകാൻ അനാവശ്യ വേഗത കാണിച്ചു എന്നീ പരാമർശത്തിന് സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ഹെഡ് ക്ളാർക്കിന് ഒട്ടനവധി ഫയലുകൾ പരിശോധിക്കാനുണ്ടായിരുന്നതിനാൽ യഥാസമയം സേവനം നൽകാൻ സാധിക്കാതെ വന്നതിനാൽ ക്ലാർക്ക് അടിയന്തിര പ്രാധാന്യമുള്ളത് സെക്രട്ടറിക്ക് നേരിട്ട് സമർപ്പിക്കുകയാണ് പതിവ് എന്നും, സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ട് ശരി വെച്ചുകൊണ്ട് തുടർനടപടികൾ കൈക്കൊള്ളുവാൻ ഉത്തരവിട്ടിരുന്നുവെന്നും എന്നാൽ ശരി എന്ന് രേഖപ്പെടുത്തിയപ്പോൾ അത് ഉടമസ്ഥാവകാശം മാറ്റി നൽകാനാണ് എന്ന് തെറ്റിദ്ധരിച്ചു എന്നുമാണ്. ഈ നടപടിയിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലർക്ക് ശ്രീ. അബൂബക്കർ പറഞ്ഞിട്ടുള്ളത് മേൽ ഉടമസ്ഥാവകാശം മാറ്റിയത് സെക്രട്ടറിയാണ് എന്നും താൻ ആയതിന് ഉത്തരവാദിയല്ല എന്നുമാണ്. സൂപ്പർവൈസറി ഉദ്യോഗസ്ഥനായിരുന്ന ഹെഡ് ക്ലാർക്ക് ശ്രീ. രമേശ് പി. സമർപ്പിച്ച റിപ്പോർട്ടിൽ ചില ഫയലുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള പരിശോധനയ്ക്ക് ടിയാൾക്ക് നൽകാതെ സെക്രട്ടറി നേരിട്ട് കൈകാര്യം ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നുവെന്നും സെക്രട്ടറിയോട് ഇക്കാര്യം നേരിൽ ബോധിപ്പിച്ചെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നും ആയതിനാൽ 8/148,8/148A, 8/148B എന്നീ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ ലഭിച്ച സന്ദർഭത്തിൽ കൃത്യമായ ഫയൽ റൂട്ടിംഗ് പാലിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു.

ഇപ്രകാരം മേൽ വിഷയത്തിൽ ടിയാൻ ഓഫീസ് നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടവിരുദ്ധമായുമാണ് കൃത്യനിർവ്വഹണം നടത്തിയിരിക്കുന്നത്. കൂടാതെ ടിയാനെതിരെയുള്ള മറ്റ് നടപടികൾ ചുവടെ കൊടുക്കുന്നു.

i. ശ്രീ സുഭാഷ്കമാർ സി. വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട് കെപിബിആർ 2011 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നമ്പർ നൽകിയതും, ചട്ടങ്ങൾക്ക് വിരുദ്ധമായി

*ഫണ്ട് ദുർവിനിയോഗം ചെയ്തതും ഓവർസിയറുടെ വ്യാജസീൽ പതിപ്പിച്ച് കെട്ടിട നിർമ്മാണാനുമതി നൽകിയതും സംബന്ധിച്ച വിഷയത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും ആയതിൽ ശിക്ഷ നൽകി തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പിൽ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ നം. 2445/2021/തസ്വഭവ തീയതി 01.12.2021 പ്രകാരം നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്.*

ii. *ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെ വലിയകുളം 7-ാം വാർഡിലെ ഇരിങ്ങാവൂർ സ്ഥിതി ചെയ്യുന്ന ചാണയിൽ മുഹമ്മദ് സ്മാരക സാംസ്കാരിക നിലയത്തിൽ സൂക്ഷിച്ചിരുന്ന കുടുംബശ്രീയുടെ പേപ്പർ പ്ലെയിറ്റ് നിർമ്മിക്കുന്ന മെഷീനും അനുബന്ധ ഉപകരണങ്ങളും ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറി ശ്രീ.സുഭാഷ് കുമാർ സി. യുടെ നേതൃത്വത്തിൽ കടത്തിക്കൊണ്ട് പോയി വിൽപന നടത്തിയത് സംബന്ധിച്ച വിഷയത്തിൽ ശ്രീ. സുഭാഷ് കുമാർ സി. -യെ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളതും 31/01/2024ന് സേവനത്തിൽ നിന്നും വിരമിച്ച ടിയാനെതിരെ അച്ചടക്ക നടപടി നിലവിലുള്ളതുമാണ്.*

iii. *മുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിക്കവെ വിവിധ ചെലവുകളിന്മേൽ നടത്തിയ ക്രമവിരുദ്ധ നടപടികൾ സംബന്ധിച്ച വിഷയത്തിൽ അച്ചടക്കനടപടി നിലവിലുണ്ട്.*

iv. *പുളിക്കൽ ഗ്രാമ പഞ്ചായത്തിലെ ഹെഡ് കാർക്ക് തസ്തികയിൽ ജോലി ചെയ്ത് വരവെ ശ്രു.സുഭാഷ് കുമാർ സി.-യെ കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്ത് സർവ്വീസിൽ നിന്ന് സസപെൻഡ് ചെയ്തിരുന്നു. ടി വിജിലൻസ് കേസിൽ അന്തിമ വിധി ആയിട്ടില്ല.*

3. ഇത്തരത്തിൽ ശ്രീ സുഭാഷ്കുമാർ സി. വിവിധ ഗ്രാമ പഞ്ചായത്തുകളിൽ പലതരത്തിൽ നിയമത്തിനും ചട്ടത്തിനും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നിരന്തരമായ നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയിരുന്നതായും, കൂടാതെ ടിയാന്റെ പ്രവൃത്തിമൂലം വകുപ്പിന്റെയും, സർക്കാരിന്റെയും യശസ്സിന് കളങ്കം വരുത്തിയിരിക്കുന്നു എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ എ ആർ നഗർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. സി. സുഭാഷ് കുമാർ നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടവിരുദ്ധമായും, സൂപ്പർവൈസറി തസ്തികയിലുള്ള ഹെഡ് ക്ലർക്കിന്റേയോ, ജൂനിയർ സൂപ്രണ്ടിന്റേയോ പരിശോധന കൂടാതെയും ഉടമസ്ഥാവകാശം സംബന്ധിച്ച് OS 44/2012 നമ്പരായി കോടതി കേസ് നിലവിലുള്ള വിഷയത്തിൽ 8/148A, 8/148 B നമ്പരുകളായുള്ള മസ്ജിദുന്നൂർ പള്ളിയുടെ ഉടമസ്ഥാവകാശം മസ്ജിദുന്നൂരിയ നുസ്രത്തുൽ ഇസ്ലാം സംഘം കുട്ടശ്ശേരിചിന എന്ന് ഏകപക്ഷീയമായി മാറ്റി നൽകിയ നടപടി ടിയാളുടെ ഭാഗത്തുള്ള ചട്ടലംഘനം, അച്ചടക്ക ലംഘനം, ഔദ്യോഗിക കൃത്യനിർവഹണത്തിലെ ഗുരുതരമായ വീഴ്ച എന്നിവയായിതന്നെ കാണേണ്ടതാണ്. ശ്രീ. സുഭാഷ് ഹെഡ് ക്ലർക്കായും, അസിസ്റ്റന്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിരുന്ന പഞ്ചായത്തുകളിലെല്ലാം നിരന്തരമായ നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയിരുന്നു എന്നുള്ളതും ടിയാളെ കൈക്കൂലി കേസിൽ

അറസ്റ്റ് ചെയ്തിട്ടുള്ളതിനാൽ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതാണെന്നും കൂടാതെ ടിയാന്റെ പ്രവൃത്തി മൂലം വകുപ്പിന്റെയും, സർക്കാരിന്റെയും യശസ്സിന് കളങ്കം വരുത്തിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നതോടൊപ്പം നിരന്തരമായ നിയമ വിരുദ്ധ പ്രവൃത്തികൾ ചെയ്തുവരുന്നതിനാൽ ടിയാൾ സ്വയംനിർണ്ണയ പ്രകാരം തീരുമാനമെടുക്കേണ്ട തസ്തികയിൽ തുടരുന്നത് സഹപ്രവർത്തകർക്കും പഞ്ചായത്ത് ഭരണ സമിതിക്ക് തന്നെയും ആശങ്കാകുലമായ സാഹചര്യം സൃഷ്ടിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും സർക്കാർ ഗൗരവമായി കാണുന്നു.

5. മേൽ സാഹചര്യത്തിൽ, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 1973 ക്രമനമ്പറായ ശ്രീ സുഭാഷ്കുമാർ സി.-യെ ടി ലിസ്റ്റിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തിയും, ഇനി ഹെഡ്ക്ലാർക്ക് തസ്തികയിൽ നിന്നും പ്രമോഷൻ അനുവദിക്കേണ്ട സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 3170 ന് തൊട്ട് മുകളിലായി ടിയാന്റെ സീനിയോറിറ്റി ടിയാന്റെ വിരമിക്കൽ തീയതിയായ 31/01/2024 വരെ നിലനിർത്തി KCS (CC & A) ചട്ടങ്ങളിലെ ചട്ടം 15 വ്യവസ്ഥയ്ക്ക് വിധേയമായി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ഉത്തരവ്, പുനഃപരിശോധിക്കണമെന്ന ശ്രീ. സി. സുഭാഷ് കുമാർ-ന്റെ പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. സുഭാഷ് കുമാർ. സി, മുൻ അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി i/c), എ.ആർ.നഗർ ഗ്രാമപഞ്ചായത്ത്, മലപ്പുറം *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/149/2022/തസ്വഭവ. നമ്പർ ഫയലിൽ).

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 19-05-2025 10:19:20
സെക്ഷൻ ഓഫീസർ